# വിശ്വാസ വൈകല്ല്യങ്ങൾ

﴿ القوادح في العقيدة ﴾

[ Malayalam – മലയാളം – مليالم ]


ശൈഖ് ഇബ്നു ബാസ്

لسماحة الشيخ العلامة

عبد العزيز عبد الله بن باز رحمه الله

المفتي العام للمملكة العربية السعودية (سابقا)

പരിഭാഷ: ശാക്കിർ ഹുസൈൻ സ്വലാഹി

ترجمة: شاكر حسين بن محمد الصلاحي



ഇസ്ലാമിക് ഗൈഡൻസ് സെന്റർ, ഥാദിഖ്(റിയാദ്)
സൗദി അറേബ്യ

المكتب التعاوني للدعوة والإرشاد وتوعية الجاليات بمحافظة ثادق والمحمل

-المملكة العربية السعودية

islamhouse.com

1342 - 2011

# القوادح في العقيدة

## ووسائل السلامة منها


لسماحة الشيخ العلامة

## عبد العزيز عبد الله بن باز رحمه الله

المفتي العام للمملكة العربية السعودية (سابقا)

أعده للنشر وكتب هوامشه الفقير على الله تعالى

### خالد بن عبد الرحمن الشايع


وقف لله تعالى

عن الأخت الصالحة بإذن الله تعالى

الجوهرة بنت عبد الرحمن حمد الشايع

غفر الله لها ورحمها وأعلى درجاتها

ووالديها والمسلمين وأصلح ذريتها


مراجعة

## الشيخ/ محمدكوتي ببطحاء

## الشيخ/شمير نجاتي بجبيل

قام بترجمته

## شاكر حسين بن محمد الصلاحي



المكتب التعاوني للدعوة والإرشاد وتوعية الجاليات بمحافظة ثادق والمحمل

المملكة العربية السعودية

بسم الله الرحمن الرحيم

## വിവർത്തകക്കുറിപ്പ്

**ശൈഖ് ഇബ്നു ബാസിന്റെ അൽഖവാദിഹു ഫിൽ അഖിദ എന്നകൃതിയുടെ വിവർത്തനമാണ് വിശ്വാസ വൈകല്ല്യങ്ങൾ എന്നപേരിൽ ഭാഷാന്ത രം ചെയ്തിരിക്കുന്നത് വിശ്വാസ സംബന്ധമായി അിറഞ്ഞിരിക്കേണ്ട കാര്യങ്ങൾ സംക്ഷിപ്തമായി വിവരിക്കുകയാണ് ഗ്രന്ഥകർത്താവ് ചെയ്തി രിക്കുന്നത് മഹാനവർകളുടെ ഗ്രന്ഥങ്ങളെല്ലാം ഒരു വിശ്വാസി വായിച്ചിരിക്കേണ്ടതാണ് വിശ്വാസം ശരിയാവാതെ ഒരാളുടെ കർങ്ങൾ സ്വീകരിക്കുകയില്ലല്ലോ അത് കൊണ്ട് തന്നെ വിശ്വാസ കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന കൃതികളാണ് ശൈഖിന്റെ മിക്ക കൃതികളും വിവർത്തനത്തിൽ തെറ്റ് വരാതിരിക്കാൻ പരമാവധി ശ്രമിച്ചിരിക്കുന്നു എങ്കിലും പിഴവ് മനുഷ്യ സഹജമാണെല്ലോ ശ്രദ്ധയിൽപെടുന്നവർ ഉണർത്തണ മെന്ന് സവിനയം അപേക്ഷിക്കുന്നു. ജനാബ് അബ്ദുറഷീദ്മദീനി,അബ്ദുനാസിർ ഉമരി (പുളിക്കൽജാമിഅ സലഫിയ),മുഹമ്മദ് കുട്ടി (ബത്ഹ ജാലിയാത്ത്) അലവിക്കുട്ടി മൗലവി (കുന്നുംപുറം), നജ്മുദ്ധീൻ സലഫിഉദിരംപൊയി ൽ,ഉമർതിരുവാലി, ശമീർമുണ്ടേരി(ജുബൈൽ) എന്നിങ്ങനെ സഹായിച്ച സഹകരിച്ച നിർദ്ദേശങ്ങൾ നൽകിയ എല്ലാവരോടുമുള്ള കൃതജ്ഞതയും കടപ്പാടും അറിയിക്കുന്നു അവർക്കെല്ലാവർക്കും അല്ലാഹു അർഹമായ പ്രതിഫലം നൽകുമാറാകട്ടെ.അവന്റെ നരകത്തി ൽ നിന്ന് നമ്മേ ഏവരേയും കാത്ത് രക്ഷിക്കട്ടെ. നാഥാ ഇതൊരു സൽകർമമായി സ്വീകരിക്കണേ. ഞങ്ങളിൽപിഴവുമൂലമോ മറവിമൂലമോ സംഭവിച്ച അപാകതകൾ പൊറുത്തു തരണേ. ആമീൻ.**

ശാക്കിർ ഹുസൈൻ സ്വലാഹി മമ്പാട്ടുമൂല
ഇസ്ലാമിക് ഗൈഡൻസ് സെന്റർ ഥാദിഖ്(റിയാദ്) 064439228104

# വിശ്വാസ വൈകല്യങ്ങളും രക്ഷയുടെ മാർഗങ്ങളും

## വായനക്ക് മുമ്പ്

**അല്ലാഹുവിന്റെ നാമത്തിൽ**

തൗഹീദിനെ ശക്തിപ്പെടുത്തുകയും ശിർക്കി നെ നിന്ദിക്കുകയും കാര്യങ്ങൾ നിയന്ത്രിക്കുകയും ഇതര മതങ്ങളേക്കാൾ ഇസ്ലാമിനെ ഉയർത്തുകയും ചെയ്ത അല്ലാഹുവിന്ന് സർവസ്തുതിയും. അവന്റെ ഇഷ്ടദാസൻമാരെ ശക്തിപ്പെടുത്തുകയും ദീനിന്റെ ശത്രുക്കളെ താഴ്ത്തുകയും ചെയ്ത അവനെ വാഴ്ത്തുന്നു. അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്നും അവന് യാതൊരു പങ്കുകാരനില്ലെന്നും ആത്മാർ ത്ഥമായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സംശയ ങ്ങൾ ദൂരീകരിച്ച് ശിർക്കും അസത്യവും വിരോധിച്ച അല്ലാഹുവിന്റെ ദൂതനും പ്രവാചകനുമായ മുഹമ്മദ് നബി(ﷺ)യെ ഞാൻ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹ ത്തിന്റെ കുടുംബത്തിലും അനുചരൻമാരിലും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ!

വിശ്വാസ വിമലീകരണം ഒരാളുടെ ആരോഗ്യം ഭക്ഷണപാനീയം ശ്വസനവായു എന്നതിനേക്കാൾ പ്രാധാന്യമർഹിക്കുന്നു. ഇവയുടെ അഭാവം മൂലം ഏറിയാൽ ഒരാൾക്ക് ജീവഹാനി സംഭവിച്ചേക്കാം. എന്നാൽ വിശ്വാസ വൈകല്യം ഇഹപര ജീവിത ത്തിന് നഷ്ടം വരുത്തുന്നു. അതിനാൽ വിശ്വാസ ത്തേക്കാൾ പ്രാധാന്യമേറിയ മറ്റൊന്നില്ല. അത് കൊണ്ട് തന്നെ ഇഹപര രക്ഷക്കും ശാശ്വത സൗഭാ ഗ്യത്തിനും വിശ്വാസ

ശുദ്ധീകരണത്തിന് വേണ്ടി കഠിനാധ്വാനം ചെയ്യുകയും അതിൽ ദുർബലത വന്നുചേരുന്നത് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.
പ്രിയ സഹോദരാ,
ഇക്കാര്യത്തെക്കുറിച്ച് എല്ലാവരും ബോധവാ ൻമാരാണെന്ന് നീ ധരിക്കരുത്. നിസ്സംശയം ഒരു വിഷയത്തെക്കുറിച്ചുള്ള അറിവും ജ്ഞാനവും പ്രധാനപ്പെട്ടത് തന്നെ. എന്നാൽ സച്ചരിതനായ പ്രവാചകനും അനുയായികളും മനസ്സിലാക്കിയത് പോലെ സൂക്ഷ്മതയോടെയും അവബോധത്തോ ടെയും മനസ്സിലാക്കൽ അനിവാര്യമാണ്. വിശ്വാസം ദുർബലപ്പെടുത്തുന്ന അതിന്ന് പോറലേൽപ്പിക്കുന്ന ബഹുദൈവാരാധന, നൂതനാചാരം, വൻപാപങ്ങൾ എന്നിവയിൽ നിന്നെല്ലാം സൂക്ഷ്മത പുലർത്തൽ വിശ്വാസിയുടെ ബാധ്യതയാകുന്നു. വിനയത്തോടെ യുള്ള ഇബ്റാഹീം നബിയുടെ പ്രാർത്ഥനയെപറ്റി സൂക്ഷ്മമായി ചിന്തിച്ചു നോക്കൂ ?

وَاجْنُبْنِي وَبَنِيَّ أَنْ نَعْبُدَ الْأَصْنَامَ * رَبِّ إِنَّهُنَّ أَضْلَلْنَ كَثِيرًا مِنَ النَّاسِ (إبرهيم)

''എന്റെ രക്ഷിതാവേ, എന്നെയും എന്റെ മക്കളെയും ഞങ്ങൾ വിഗ്രഹങ്ങൾക്ക് ആരാധന നടത്തുന്നതിൽ നിന്ന് അകറ്റി നിർത്തുകയും ചെയ്യേണമേ! എന്റെ രക്ഷിതാവേ തീർച്ചയായും അവ (വിഗ്രഹങ്ങൾ) മനുഷ്യരിൽ നിന്ന് വളരെപ്പേരെ പിഴപ്പിച്ച് കളഞ്ഞിരിക്കുന്നു.'' (ഇബ്രാഹീം 35, 36)

ഋജുമാനസരുടെ നേതാവും പ്രവാചകൻമാരുടെ പിതാവുമായ ഇബ്രാഹീം നബിയുടെ പ്രാർത്ഥനയാ കുന്നു ഇത്. സ്വന്തത്തിലും സന്താനങ്ങളിലും ശിർക്ക് വരുന്നതിനെ അദ്ദേഹം ഭയപ്പെട്ടു. വക്രത യില്ലാത്ത നേതാക്കളും, തെരെഞ്ഞെടുക്കപ്പെട്ട പ്രവാച കൻമാരും ശിർക്കിന്റെ കാര്യത്തിൽ ഭയമുള്ളവരായിരുന്നെങ്കിൽ മറ്റുള്ളവരിൽ ശിർക്ക് വരാമെന്ന് മനസ്സിലായി.
ഇബ്റാഹീമുത്തൈമി (റ) പറഞ്ഞു: 'ഇബ്രാഹീം നബിക്ക് ശേഷം ആരാണ് ശിർക്കിന്റെ കാര്യത്തിൽ നിർഭയരായിട്ടുള്ളത് ?'.

അതിനാൽ ജീവനുള്ള എല്ലാവരും ശിർക്കിൽ നിന്ന് ഭയപ്പെടൽ നിർബന്ധമാണ്. ചില അൽപജ്ഞാനികൾ ഈ സമൂഹത്തിൽ ശിർക്ക് വരില്ലെന്ന് ജൽപിക്കുകയും നിർഭയരാവുകയും ചെയ്തെങ്കിലും യഥാർത്ഥത്തിൽ അവരും ശിർക്കിൽ അകപ്പെടുകയാണുണ്ടായത്. അറിവും നാഗരികത യും പുരോഗമിച്ച ഇക്കാലത്ത് ശിർക്കിന് സ്ഥാന മില്ലെന്ന് ഭൂരിപക്ഷവും വിചാരിക്കുന്നു. പുരോഗമന വാദിയോ നാഗരികനോ ആണെങ്കിൽ ശിർക്ക് വരുന്നതിൽ ദോഷമില്ലെന്നും ചിലർ ജൽപ്പിക്കുന്നു. സ്വയം അശ്രദ്ധരാവുകയോ അശ്രദ്ധനടിക്കുകയോ ചെയ്യുകയാണവർ.
അല്ലാഹുപറയുന്നു:

يَعْلَمُونَ ظَاهِراً مِّنَ الحياة الدنيا وَهُمْ عَنِ الاخرة هُمْ غافلون

( الروم : ٧ )

''ഐഹികജീവിതത്തിൽ നിന്ന് പ്രത്യക്ഷമായത് അവർ മനസ്സിലാക്കുന്നു. പരലോകത്തെപ്പറ്റിയാകട്ടെ അവർ അശ്രദ്ധയിൽ തന്നെയാകുന്നു.'' (റൂം 7)
അവരുടെ അവസ്ഥയും പര്യവസാനവും അവർക്ക് മുമ്പുള്ളവരുടെ നടപടിക്രമം പോലെത്തന്നെയാ യിരിക്കും.

فَرِحُوا بِمَا عِنْدَهُمْ مِنَ الْعِلْمِ وَحَاقَ بِهِمْ مَا كَانُوا بِهِ يَسْتَهْزِئُونَ (غافر ٨٣)

(അങ്ങനെ അവരിലേക്കുള്ള ദൂതൻമാർ വ്യക്തമായ തെളിവുകളും കൊണ്ട് അവരുടെ അടുത്ത് ചെന്ന പ്പോൾ) അവരുടെ പക്കലുള്ള അറിവു കൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്. എന്തൊ ന്നിനെപ്പറ്റി അവർ പരിഹസിച്ചിരുന്നുവോ അത് (ശിക്ഷ) അവരെ വലയം ചെയ്യുകയുമുണ്ടായി.'' .(ഗാഫിർ: 83)

ഇതിന് പുറമെ ജനങ്ങളിൽ നിന്നൊരു കൂട്ടർ അല്ലാഹുവല്ലാത്ത ദൈവങ്ങളെ ആരാധിക്കുക യും തങ്ങളുടെ രക്ഷിതാവ് നിഷിദ്ധമാക്കിയതിനെ തങ്ങളുടെ ദൈവങ്ങൾക്ക് വേണ്ടി അനുവദനീയമാ ക്കുകയും ചെയ്തു. ഇങ്ങനെ തന്നിഷ്ടപ്രകാരം ദൈവികനിയമങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ഖുർആന്റെ പ്രസ്താവന നോക്കൂ:

**أَفَرَأَيْتَ مَنِ اتَّخَذَ إِلَهَهُ هَوَاهُ وَأَضَلَّهُ اللَّهُ عَلَى عِلْمٍ وَخَتَمَ عَلَى سَمْعِهِ وَقَلْبِهِ وَجَعَلَ عَلَى بَصَرِهِ غِشَاوَةً فَمَنْ يَهْدِيهِ مِنْ بَعْدِ اللَّهِ أَفَلَا تَذَكَّرُونَ** (جاثية ٢٣)

''എന്നാൽ തന്റെ ദൈവത്തെ തന്റെ തന്നിഷ്ടമാക്കിയവനെ നീ കണ്ടുവോ? അറിഞ്ഞ് കൊണ്ട് തന്നെ അല്ലാഹു അവനെ പിഴവിലാക്കുക യും, അവന്റെ കാതിനും ഹൃദയത്തിനും മുദ്ര വെക്കുകയും, അവന്റെ കണ്ണിന് മേൽ ഒരു മൂടി ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ അല്ലാഹുവിന് പുറമെ ആരാണ് അവനെ നേർവഴി യിലാക്കുവാനുള്ളത് ? എന്നിരിക്കെ നിങ്ങൾ ആലോ ചി ച്ചു മനസ്സിലാക്കുന്നില്ലേ?'' (ജാസിയ 23 )

സത്യവിശ്വാസികളോട് കരുണയും അനുകമ്പ യുമു ള്ള നമ്മുടെ പ്രവാചകൻ മുഹമ്മദ് നബി (ﷺ) തൺെറ സമൂഹത്തിൽ ചെറിയ ശിർക്ക് വരുന്ന തിനെക്കുറിച്ച് പറയുകയും തദ്വിഷയകമായി ഭയപ്പെ ടുകയും സൂക്ഷിക്കാനാവശ്യപ്പെടുകയും ചെയ്തു.

**إِنَّ أَخْوَفَ مَا أَخَافُ عَلَيْكُمُ الشِّرْكُ الأَصْغَرُ** ( مسند أحمدبن حنبل ٢٣٦٣٠ )

''നിങ്ങളുടെ കാര്യത്തിൽ ഞാൻ കൂടുതൽ ഭയപ്പെ ടുന്നത് ചെറിയ ശിർക്കാകുന്നു.'' നൂതനാചാര ത്തിന്റെ എല്ലാ കവാടങ്ങളും അവിടുന്ന് കൊട്ടിയടച്ചു കൊണ്ട് ഇങ്ങനെ അരുളി:

**عَنْ عَائِشَةَ – رضى الله عنها – قَالَتْ قَالَ رَسُولُ اللَّهِ – صلى الله عليه وسلم - مَنْ أَحْدَثَ فِى أَمْرِنَا هَذَا مَا لَيْسَ منهِ فَهُوَ رَدَ** (صحيح البخارى)

خالدبن عبد الرحمن بن حمد الشايع

# ഗ്രന്ഥകർത്താവ്

## { نبذة مختصرة عن سماحة الشيخ ابن باز}

عبدالعزيز بن عبد الله بن عبد الرحمن بن محمد بن عبد الله آل باز

ഇബ്നു ബാസ് എന്ന ചുരുക്കപ്പേരിലറിയ പ്പെടുന്ന ഇദ്ധേഹത്തിന്റെ മുഴുവൻ പേരാണ് മുകളിൽ കൊടുത്തിരിക്കുന്നത്. സൗദി അറേബ്യയുടെ തലസ്ഥാനമായ റിയാദിൽ ഹി:1330 ൽജനനം. ഹി: 1346 ൽ കണ്ണിന് അസുഖം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ടു. ചെറുപ്പത്തിലെ ഖുർആൻ ഹൃദിസ്ഥമാക്കി. മക്ക, റിയാദ് എന്നീ നഗരങ്ങളിലെ പ്രധാന പണ്ഡിതൻ മാരിൽ നിന്നും വിജ്ഞാനം കരസ്ഥമാക്കി. സൗദിഅറേബ്യയിലെ ഗ്രാന്റ്മുഫ്തി, ഉന്നത പണ്ഡിതസഭാദ്ധ്യക്ഷൻ മദീനയൂനിവേഴ്സിറ്റി വൈസ് ചാൻസലർ ഖാദി,റാബിത്വ സ്ഥാപകാംഗം, റാബിത്വ ഫിഖ്ഹ് കൗൺസിൽഡീൻ, അധ്യാപകൻ എന്നിങ്ങനെ വിവിധ സ്ഥാനങ്ങൾ അലങ്കരിച്ചു. നിരവധി ഗ്രന്ഥങ്ങളുടെ കർത്താവാണ്. ആധുനി കവും പൗരാണികവുമായ വിഷയങ്ങൾ ഖുർആനിന്റേയും ഹദീസിന്റേയും അടിസ്ഥാന ത്തിൽ ചർച്ച ചെയ്യുന്ന ശൈഖിന്റെ "മജ്മൂഅ്ഫതാവ" (مجموع فتاوى ومقالات متنوعة) എന്ന ഇരുപതോളം വാള്യങ്ങളുള്ള പ്രസിദ്ധ ഗ്രന്ഥം മുസ്ലിം ലോകത്തെ ഒരു റഫറൻസ് ഗ്രന്ഥമാകുന്നു. ഹി:1420 മുഹർറ മാസത്തിലാ യിരുന്നു അന്ത്യം. അദ്ധേഹത്തിന്റെ സേവന ങ്ങൾക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുമാറാകട്ടെ. ആമീൻ

## മുഖവുര

മനുഷ്യൻ വിശ്വസിക്കുകയും മതമായി സ്വീക രിക്കുകയും ചെയ്യുന്ന ഗുണകരവും ദോഷകരവും ന ല്ലതും തിയ്യതുമായ എല്ലാത്തിനും വിശ്വാസമെന്ന് പറയുന്നു. ശരിയായ വിശ്വാസവും അതിൽ നിലകൊള്ളേണ്ട ആവശ്യകതയുമാണ് ഇവിടെ വിശ്വാസം കൊണ്ടുദ്ദേശിക്കുന്നത്. കാരണം ലോകത്ത് ധാരാളം വിശ്വാസങ്ങളുണ്ട്. അതിൽ ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും രക്ഷപ്പെട്ട സ്വച്ഛവും നിർമ്മലവുമായ വിശ്വാസമാകുന്നു ഖുർആനും സുന്നത്തും കൊണ്ടുവന്നത്. അല്ലാഹു പറയുന്നു:

إِنَّ الدِّينَ عِنْدَ اللَّهِ الْإِسْلَام

''തീർച്ചയായും അല്ലാഹുവിങ്കൽ മതം എന്നാൽ ഇസ്ലാമാകുന്നു.'' (ആലുഇംറാൻ 18)

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരി ക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.'' (മാഇദ 3 )

ഇസ്ലാമാകുന്നു അല്ലാഹുവിന്റെ മതം. അല്ലാഹു വിന്റെ മതമല്ലാത്തത് ഒരാളിൽ നിന്നും സ്വീക രിക്കപ്പെടുകയില്ല.

وَمَنْ يَبْتَغِ غَيْرَ الْإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الْآخِرَةِ مِنَ الْخَاسِرِينَ

''ഇസ്ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാ ത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്ന പക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീ കരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ട ക്കാരിൽ പെട്ടവനുമായിരിക്കും.'' (ആലുഇംറാൻ 85 )

ഇത് ആദം (عليه السلام), നൂഹ് (عليه السلام), ഇബ്രാഹീം (عليه السلام), മൂസ (عليه السلام), ഈസ (عليه السلام), ദാവൂദ് (عليه السلام), സുലൈമാൻ (عليه السلام), ഇസ്ഹാഖ് (عليه السلام), യഅ്ഖൂബ് (عليه السلام), യൂസുഫ് (عليه السلام) എന്നിവരുടേയും മറ്റെല്ലാ പ്രവാചകൻമാരുടേയും സർവ്വരിലേക്കും നിയുക്ത നായ മുഹമ്മദ്നബി (ﷺ) യുടേയും മതമാകുന്നു.

(الأَنْبِيَاءُ إِخْوَةٌ لِعَلَّاتٍ ، أُمَّهَاتُهُمْ شَتَّى ، وَدِينُهُمْ وَاحِدٌ (صحيح البخارى٣٤٤٣)

''പ്രവാചകന്മാർ സഹോദരങ്ങളാകുന്നു. അവരുടെ മാതാക്കൾ വ്യത്യസ്തരാണെങ്കിലും ആദർശം ഒന്നാകുന്നു''(ബുഖാരി: 3443 )

പ്രവാചകൻമാരെല്ലാം ഒരേ മതത്തിലായി രുന്നു. അല്ലാഹുവിനെ ഏകനാക്കുക, അവൻ ലോക രക്ഷിതാവാണെന്ന് വിശ്വസിക്കുക, അന്ത്യനാളിലും പുനരുത്ഥാനത്തിലും സ്വർഗനരകങ്ങളിലും മറ്റു പരലോക സംബന്ധമായ കാര്യങ്ങളിലും വിശ്വസി ക്കുക തുടങ്ങിയ വിഷയങ്ങളിൽ മുഴുവൻ പ്രവാചകൻമാരും ഒരേ വിശ്വാസക്കാരായിരുന്നു. ഇതാണ് മുകളിൽ പ്രസ്താവിച്ച ഹദീസിന്റെ ആശയം.

لِكُلّ جَعَلْنَا مِنكُمْ شِرْعَةً ومنهاجا [ المائدة : ٤٨]

'നിങ്ങളിൽ ഓരോ വിഭാഗത്തിനും ഓരോ നിയമക്രമവും കർമ്മമാർഗവും നാം നിശ്ചയിച്ച് തന്നിരിക്കുന്നു.' (മാഇദ 48). ഒരേ പിതാവിന്റെ സഹോദരങ്ങൾ അതായത് അവരുടെ പിതാവ് ഒന്നും മാതാക്കൾ വ്യത്യസ്തവുമാണ് എന്ന് സാരം. അപ്രകാരം പ്രവാചകന്മാരുടെ അടിസ്ഥാന ആദർശം അല്ലാഹുവിനെ ഏകനാക്കുകയും അവന്ന്

വണക്കം കാണിക്കുകയും ചെയ്യലാകുന്നു. ലാഇലാഹഇല്ലല്ലാ ഹു എന്നതിനർത്ഥം അല്ലാഹുവിന് മാത്രം ആരാധനയർപ്പിക്കുകയും അവനിൽ വിശ്വസിക്കു കയും മലക്കുകളിലും വേദഗ്രന്ഥങ്ങളിലും പ്രവാചകന്മാരിലും അന്ത്യനാളിലും നന്മതിന്മയിലും വിശ്വസിക്കലും അതിനോടനുബന്ധമായി വരുന്ന പുനരുത്ഥാനം, ഒരുമിച്ച് കൂട്ടൽ സ്വർഗനരകം, വിചാരണ, സ്വിറാത്ത് പാലം, കർമ്മങ്ങളുടെ അളവു നോക്കൽ എന്നിവയിലും വിശ്വസിക്കലാകുന്നു. എല്ലാ പ്രവാചകൻമാരും ഒരേ വിശ്വാസവുമായി കടന്നു വന്നു. മേൽസൂചിപ്പിച്ച വിശ്വാസ കാര്യങ്ങളിലും അവർ ഏകോപിച്ചിരിക്കുന്നു. എന്നാൽ ശരീഅത്ത് നിയമങ്ങളിൽ വ്യത്യാസമുണ്ടാ യിരുന്നു. ഉദാഹരണം ഇഞ്ചീലിന്റെ ശരീഅത്താ യിരുന്നില്ല തൗറാത്തിന്റെ ശരീഅത്ത്. അതിന് മുമ്പുള്ള ശരീഅത്തും വ്യത്യസ്തമായിരുന്നു. മുഹമ്മദ് നബി (ﷺ)യുടെ ശരീഅത്ത് തൗറാത്തിലും ഇഞ്ചീലിലുമുള്ളതായിരുന്നില്ല ഈ സമൂഹത്തിന് അല്ലാഹു മതം എളുപ്പമാക്കുകയും അധികമുള്ള തിന് ലഘൂകരണം നൽകുകയും ചെയ്തു.

وَيَضَعُ عَنْهُمْ إِصْرَهُمْ وَالأَغْلالَ الَّتِي كَانَتْ عَلَيْهِم

( الأعراف١٥٧ )

‘‘അവരുടെ ഭാരങ്ങളും അവരുടെ മേലുണ്ടായിരുന്ന വിലങ്ങുകളും അദ്ദേഹം ഇറക്കിവെക്കുകയും ചെയ്യു ന്നു.’’ (അഅ്റാഫ്:157)

## بعثت بالحنيفية السمحة

‘‘അവക്രവും ഋജുവായതുമായ പാതയിലാണ് എന്നെ നിയോഗിക്കപ്പെട്ടത്.’’[1]
വിലങ്ങുകളും പ്രയാസങ്ങളുമില്ലാത്ത ശരീഅത്തു മായാണ് നബി (ﷺ)നിയോഗിക്കപ്പെട്ടത്.

وَمَا جَعَلَ عَلَيْكُمْ فِي الدين مِنْ حَرَج

‘‘മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല.’’ (ഹജ്ജ് 78)

നബി (ﷺ)യുടെ ശരീഅത്തിന് മുമ്പുള്ള ശരീഅത്തിൽ വെള്ളം ലഭ്യമല്ലെങ്കിൽ തയമ്മും ചെയ്യാറുണ്ടായിരുന്നില്ല. വെള്ളം കിട്ടുമ്പോൾ വുദു(അംഗസ്നാനം) ചെയ്ത്

[1] ഈ ഹദീസ് ***ഖതീബുൽ ബാഗ്ദാദി*** തന്റെ താരീഖിൽ ഏഴാം വാല്യത്തിൽ പേജ് 209 കൊടുത്തിരിക്കുന്നു. *ഇമാംദഹബി*യുടെ മീസാനുൽ ഇഅ്തിദാലിൽ *അസദി* ഇതിനെ ദുർബലമാക്കി എന്ന് പറയുന്നുവെങ്കിലും ഖുർആനിന്റേയും സ്ഥിരപ്പെട്ട ഹദീസുകളുടേയും ആശയം കൊണ്ട് ഇതിനെ ശക്തിപ്പെടുത്തുന്നു.
(*ഹജ്ജ്/78 അൽഖറ /184 എന്നീ ആയത്തുകളും* يَسِّرُوا وَلاَ تُعَسِّرُوا *എന്ന ബുഖാരി മുസ്ലിം ഉദ്ധരിക്കു ന്ന ഹദീസുമാണ് ഗ്രന്ഥകർത്താവ് മേൽ ഹദീസിന്റെ സ്വീകാര്യതക്ക് തെളിവായി നൽകി യത്*)

നമസ്കരിക്കുകയോ നമസ്കാരത്തെ പിന്തിപ്പിക്കുകയോ ആയിരുന്നു പതിവ്. എന്നാൽ നമ്മുടെ ശരീഅത്തിൽ വെള്ളം ലഭ്യമല്ലാതിരിക്കുകയോ ഉപയോഗിക്കാൻ സാധിക്കാ തെ വരികയോ ചെയ്താൽ തയമ്മും ചെയ്ത് നമസ്കരിക്കാം. ഇപ്രകാരം ധാരാളം ഇളവുകളും സൗകര്യങ്ങളും നമ്മുടെ മതത്തിലുണ്ട്. എല്ലാ പ്രവാചകൻമാരേയും തങ്ങളുടെ ജനതയിലേക്ക് മാത്രമായിരുന്നു നിയോഗിച്ചിരുന്നത്. മുഹമ്മദ്നബി ﷺയെ ജിന്നുകളിലേക്കും മനുഷ്യരിലേക്കും അറബികളിലേക്കും അനറബികളിലേക്കും പൊതു വായി നിയോഗിക്കുകയും അന്ത്യപ്രവാചകനാക്കു കയും ചെയ്തു. മുൻഗാമികൾ ദേവാലയങ്ങളിലും പള്ളികളിലും നമസ്കാര സ്ഥലത്തും മാത്ര മായിരുന്നു നമസ്കരിച്ചിരുന്നത്. നമുക്ക് ഭൂമിയി ലെവിടെ വെച്ചും നമസ്കാരം നിർവ്വഹിക്കാം പ്രവാചക തിരുമേനി അരുളി .

وَجُعِلَتْ لِيَ الأَرْضُ مَسْجِدًا وَطَهُورًا (البخاري-٣٣٥)

'ഭൂമി എനിക്ക് പള്ളിയായും ശുദ്ധിയുള്ള സ്ഥല മായും നിശ്ചയിച്ചു തന്നിരിക്കുന്നു' (ബുഖാരി 335) ഇപ്രകാരം നമ്മുടെ മതത്തിൽ രോഗിക്ക് നോമ്പ് നിർന്ധമില്ല. നോമ്പ് മുറിക്കുകയും മറ്റു ദിവസ ങ്ങളിൽ നോറ്റ് വീട്ടുകയും ചെയ്യാം. യാത്രക്കാരന് നോമ്പ് മുറിക്കുകയും നമസ്കാരം ചുരുക്കുകയും ചെയ്യാം.

فَمَنْ كَانَ مِنْكُمْ مَرِيضًا أَوْ عَلَى سَفَرٍ فَعِدَّةٌ مِنْ أَيَّامٍ أُخَر

''ആരെങ്കിലും രോഗിയാവുകയോ, യാത്രയിലാവുക യോ ചെയ്താൽ പകരം അത്രയും എണ്ണം (നോമ്പെ ടുക്കേണ്ടതാണ്.)'' (അൽ ഖബറ: 184) നമസ്കാര ത്തിൽ നിൽക്കാൻ കഴിയാത്തവന് ഇരുന്നും അതി ന്നും സാധിക്കാതെ വന്നാൽ കിടന്നുകൊണ്ടും നമസ്കരിക്കാൻ നബി ﷺ നിർദ്ദേശിക്കുന്നു. വിശപ്പ ടക്കാൻ അനുവദനീയമായ ഭക്ഷണം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ജീവൻ നിലനിർത്താൻ ശവം ഭക്ഷിക്കാൻ വരെ ഇസ്ലാം അനുവദിച്ചു.

ശഹാദത്ത്, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവയാകുന്നു. ഇസ്ലാമിന്റെ സ്തംഭ ങ്ങൾ. ദൈവമാർഗത്തിലുള്ളസമരം, നന്മ കൽപ്പി ക്കൽ, തിന്മവിരോധിക്കൽ, മാതാപിതാക്കൾക്ക് പുണ്യം ചെയ്യൽ, കുടുംബബന്ധം പാലിക്ക ൽ, സത്യംപറയൽ, വിശ്വസ്തത നിറവേറ്റുക പോലെ യുള്ള കാര്യങ്ങൾ ഇസ്ലാമിന്റെ അനിവാര്യ ഘടകങ്ങളാകുന്നു. അല്ലാഹുവിനെ ഏകനാക്കലും ആരാധനയിൽ ആത്മാർത്ഥത കാണിക്കലും അല്ലാഹുവിനേയും പ്രവാചകനേയും അനുസരിക്ക ലുമാകുന്നു ഇസ്ലാമെന്നതിന്റെ വിവക്ഷ. ഒരു മുസ്ലിം അല്ലാഹുവിന്റെ കൽപനകൾ അനുസരി ക്കുകയും വിരോധങ്ങൾ വെടിയുകയും അവന്റെ നിയമപരിധിക്കുള്ളിൽ നില കൊള്ളുകയും ചെയ്യുന്നു. അല്ലാഹു ഏകനാണെന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള രണ്ട് സാക്ഷ്യവചനങ്ങളാകുന്നു ഇസ്ലാമിന്റെ അടിത്തറ യും സമൂഹത്തിന്റെ അസ്ഥിവാരവും.

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ الْكَبِير(الحج)

‘‘അതെന്തുകൊണ്ടെന്നാൽ അല്ലാഹുവാണ് സത്യ മായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊ ന്നിനെ വിളിച്ച് പ്രാർത്ഥി ക്കുന്നുവോ അതു തന്നെ യാണ് നിരർത്ഥക മായിട്ടുള്ളത്. അല്ലാഹു തന്നെ യാണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.’’ (ഹജ്ജ്: 62). പ്രവാചക തിരുമേനിയെ സാക്ഷ്യപ്പെടുത്തുക എന്ന് പറഞ്ഞാൽ അബ്ദുൽമുത്തലിബിന്റെ മകൻ അബ്ദുല്ലയുടെ മകൻ ഹാഷിം കുടുംബത്തിൽപെട്ട മുഹമ്മദ് നബിﷺ സത്യ പ്രവാചകനും സൃഷ്ടി കളിൽ ശ്രേഷ്ഠനും അദ്ദേഹത്തിന്റെ ബന്ധു കുടുംബങ്ങൾ അറബികളിൽ ശ്രേഷ്ഠരാണെന്നും വിശ്വസിക്കലാ കുന്നു. അദ്ദേഹത്തെ ജിന്നുകളി ലേക്കും മനുഷ്യ രിലേക്കും സ്ത്രീപുരുഷന്മാരി ലേക്കും സമ്പന്ന ദരിദ്ര ഗ്രാമീണ നാഗരിക വ്യത്യാസ മന്യേ പൊതുവായി നിയോഗിച്ചവനാണെന്നും അദ്ദേഹത്തെ പിൻ പറ്റുന്നവർക്ക് സ്വർഗമുണ്ടെന്നും അല്ലെയോ വിശ്വാസീ നീ വിശ്വസിക്കേണ്ടതാണ്.

عَنْ أَبِي هُرَيْرَةَ رضى الله عنه أَنَّ رَسُولَ اللَّهِ – صلى الله عليه وسلم – قَالَ « كُلُّ أُمَّتِي يَدْخُلُونَ الْجَنَّـةَ ، إِلاَّ مَنْ أَبَى » . قَالُوا يَا رَسُولَ اللَّهِ وَمَنْ يَأْبَى قَالَ « مَنْ أَطَاعَنِي دَخَلَ الْجَنَّةَ ، وَمَنْ عَصَـانِي فَقَـدْ أَبَى ( بخاري–٧٢٨٠)

"എന്റെ സമൂഹത്തിലെ എല്ലാവരും സ്വർഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവരൊഴിച്ച്. അനുചരൻ മാർ ചോദിച്ചു: ആരാണ് പ്രവാചകരേ വിസമ്മതി ച്ചവർ? ‘എന്നെ ആർ അനുസരിച്ചുവോ അവൻ സ്വർഗത്തിൽ പ്രവേശിക്കും എന്നോട് അനുസരണ ക്കേട് കാണിച്ചവനാണ് വിസമ്മതിച്ചവൻ’ (ബുഖാരി) ഇതാകുന്നു മഹത്തായ ഇസ്‌ലാമിക വിശ്വാസം. ഏകദൈവത്തിൽ വിശ്വസിക്കുക പ്രവാചകനിലും മറ്റു മുഴുപ്രവാചകന്മാരിലും വിശ്വസിക്കുക നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നിവ യിലും അല്ലാഹുവിലും മലക്കുകളിലും പ്രവാചകൻ മാരിലും നന്മതിന്മകളിലും അല്ലാഹുവും അവന്റെ പ്രവാചകനും കൊണ്ടുവന്ന സകലകാര്യങ്ങളിലും വിശ്വസിക്കലാകുന്നു ഇസ്‌ലാമിക വിശ്വാസം.

ഇസ്‌ലാമിക വിശ്വാസത്തിൽ ആളുകൾ ക്ക് പിഴവ് സംഭവിച്ചു. ഇവയിൽ ചില പിഴവുകൾ ഇസ്‌ലാമിനെത്തന്നെ ദുർബലപ്പെടുത്തുന്നവയാണ്. ഈ പുസ്തകത്തിൽ തൽസംബന്ധമായ വിശദീ കരണമാണ് നാമുദ്ധേശിക്കുന്നത്.

## വിശ്വാസ ദൗർബല്ല്യങ്ങൾ രണ്ട്വിധം :

**1)**വിശ്വാസത്തെ ദുർബലപ്പെടുത്തുകയും നിരർത്ഥക മാക്കുകയും ചെയ്യുന്നവ. തന്മൂലം ഒരാൾ സത്യ നിഷേധിയായിത്തീരുന്നു. (നഊദു ബില്ലാഹ്)
2)വിശ്വാസത്തെ ദുർബലപ്പെടുത്തുകയും ചുരുക്കി കളയുകയും ചെയ്യുന്നവ.

# القوادح المكفرة

## ഭാഗം ഒന്ന്: സത്യനിഷേധത്തിന് കാരണമാകുന്ന വിശ്വാസ വൈകല്യങ്ങൾ

മതത്തിൽ നിന്ന് അനിവാര്യമായും പുറത്ത് പോകുന്നവയിൽ വാക്ക്, പ്രവർത്തി വിശ്വാസം, സംശയം എന്നിവ ഉൾപ്പെടുന്നു. ചിലപ്പോൾ മനുഷ്യൻ തന്റെ വാക്ക് കൊണ്ടോ പ്രവർത്തി കൊണ്ടോ വിശ്വാസം കൊണ്ടോ മതത്തിൽനിന്ന് പുറത്ത് പോകും. തത്സംബന്ധമായി പണ്ഡിതൻമാർ അവരുടെ ഗ്രന്ഥങ്ങളിൽ ''മതപരിത്യാഗിയുടെ വിധി'' എന്ന അധ്യായത്തിൽ വിവരിച്ചിരിക്കുന്നു. ശിക്ഷാ വിധികൾ ചർച്ച ചെയ്യുന്ന മദ്ധ്യേ എല്ലാ പണ്ഡിതന്മാരും ഇവ്വിഷയം പ്രതിപാദിക്കുന്നു.

### الردة بالقول

## വാക്ക് മുഖേനയുള്ള സത്യനിഷേധം

അല്ലാഹുവിനേയും റസൂലിനേയും ആക്ഷേപിക്കലും ശകാരിക്കലും അല്ലാഹുവിന് പോരായ്മകളുണ്ടെന്ന് പറയലും ചിലകാര്യങ്ങൾ അല്ലാഹുവിനറിയില്ല, അല്ലാഹു പിശുക്കനും ദരിദ്രനും അക്രമിയുമാണെന്ന രീതിയിലുള്ള വാക്കുകൾ അവന്റെ നാമവിശേഷണ ങ്ങളെ നിഷേധിക്കുകയോ അതിൽ വിശ്വസിക്കാതിരി ക്കുകയോ ചെയ്യുന്നതും മതത്തിൽ നിന്ന് പുറത്ത് പോകാൻ കാരണമാകുന്നു. അപ്രകാരം നമസ്കാരം നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ കർമ്മങ്ങളൊന്നും അല്ലാഹു നിർബന്ധമാക്കിയിട്ടില്ല. നമുക്ക് നിർബന്ധ മില്ല എന്ന സംസാരവും മതപരിത്യാഗിയാകാൻ കാരണമാകുന്നു. പശ്ചാതപിക്കാത്ത പക്ഷം ഇത്തരക്കാരും മതപരിത്യാഗികളാകുന്നു.

### الردة بالعمل

## പ്രവൃത്തി മുഖേനയുള്ള സത്യനിഷേധം

നമസ്കാരം ഒഴിവാക്കൽ നമസ്കാരം നിർബന്ധ മാണെന്നറിഞ്ഞിട്ടും നമസ്കരിക്കാതിരിക്കൽ മത നിഷേധമാണെന്നാണ് പണ്ഡിതന്മാരുടെ ശരിയായ അഭിപ്രായം:

الْعَهْدُ الَّذِى بَيْنَنَا وَبَيْنَهُمْ الصَّلاَةُ فَمَنْ تَرَكَهَا فَقَدْ كَفَر (أبوداود،ترمذي-٢٦٢١)

''മുസ്ലിംകളുടേയും അമുസ്ലിംകളുടേയും ഇടയിലുള്ള (കരാർ) വ്യത്യാസം നമസ്കാരമാകുന്നു. ആരെങ്കി ലും അതൊഴിവാക്കിയാൽ അവൻ അവിശ്വാസി യായി''.

بين الرجل وبين الكفر والشرك ترك الصلاة ( مسلم في الإيمان- ١٣٤)

''ഒരാളുടേയും സത്യനിഷേധം ബഹുദൈവാരാധന എന്നിവയുടേയും ഇടയിലുള്ള വ്യത്യാസം നമസ്കാരം ഉപേക്ഷിക്കലാകുന്നു.''

പ്രസിദ്ധതാബിഅ് ശക്കീക്ബ്നു അബ്ദുല്ല ഉഖൈലി ( شقيق بن عبد الله العقيلي ) പറയുന്നു:

كَانَ أَصْحَابُ مُحَمَّدٍ - صلى الله عليه وسلم - لا يَرَوْنَ شَيْئاً مِنَ الأَعْمَالِ تَرْكُهُ كُفْرٌ غَيْرَ الصَّلاَةِ.

(التِّرمِذِيُّ-٢٦٢٢)

മുഹമ്മദ് നബി (ﷺ) യുടെ അനുചരൻമാർ കർമങ്ങൾ ഉപേക്ഷിക്കുന്നതിൽ നമസ്കാരം ഒഴിവാക്കുന്നതിനെ മാത്രമായിരുന്നു സത്യനിഷേധ മായികണ്ടിരുന്നത്. (തിർമിദി)

അപ്രകാരം വിശുദ്ധ ഖുർആനിനെ നിസ്സാരമാ ക്കുക പരിഹസിക്കുക, അവഗണിക്കുക, മനഃപ്പൂർവ്വം അഴുക്കാക്കുക, പാദം കൊണ്ട് ചവിട്ടുക, ഖബറിനെ പ്രദക്ഷിണം ചെയ്യുക, ഖബറാളികൾക്ക് കാണിക്ക സമർപ്പിക്കുക, ജിന്നിന് വേണ്ടി നമസ്കരിക്കുക, ജിന്നിനോട് സഹായം തേടുക, അവർക്ക് നേർച്ചയർപ്പിക്കുക, പ്രാർത്ഥിക്കുക എന്നിവയും മതപരിത്യാഗത്തിനുള്ള കാരണങ്ങളാകുന്നു. ഖബറി നെ പ്രദക്ഷിണം ചെയ്യുന്നത് മുഖേന അല്ലാഹുവിനു ള്ള ആരാധന ഉദ്ധേശിച്ചാൽ അത് അനാചാരം മാത്രമല്ല മതത്തിൽ വിലക്കപ്പെട്ടതുമാകുന്നു. ഖബറാ ളിയിൽ ദിവ്യത്വം ഉദ്ധേശിക്കാത്തപക്ഷം അദ്ദേഹം മതനിഷേധിയാണെന്ന് പറഞ്ഞുകൂടാ. ആട്, കോഴി, ഒട്ടകം, പശു എന്നിവ അല്ലാഹുവല്ലാത്ത ജീവിച്ചിരി ക്കുന്നവർക്കോ മരിച്ചവർക്കോ വേണ്ടി അറവ് നടത്തുന്നതും അത്മൂലം അവരുടെ പുണ്യം കരസ്ഥമാക്കാമെന്ന് വിചാരിക്കുന്നതും മതനിഷേധ മാകുന്നു.

## വിശ്വാസത്തിലുള്ള മത പരിത്യാഗം

നാം മുമ്പ് സൂചിപ്പിച്ച പ്രകാരം അല്ലാഹുവിനെ ക്കുറിച്ച് അവൻെറ മഹത്വത്തിന് യോജിക്കാത്ത ദരിദ്രൻ, പിശുക്കൻ, അക്രമി എന്നീ പദങ്ങൾ ഒരാൾ പറയാതെ മനസ്സിൽ കരുതിയാലും സത്യനിഷേധി യായിത്തീരും. അപ്രകാരം പുനരുത്ഥാനം, ഉയർത്തെഴുന്നേൽപ്പ് ഒരുമിച്ച്കൂട്ടൽ ഇവയെല്ലാം അസംഭവ്യമാണെന്നും സ്വർഗം, നരകം, പരലോക ജീവിതം ഇതൊക്കെ സാങ്കൽപികമാണെന്നും ധരിക്കുന്നതും തദൈവ. നൂഹ്

(ﷺ) മൂസ (ﷺ), ഈസ (ﷺ) എന്നീ പ്രവാചകൻമാർ കള്ള പ്രവാചകൻമാരാണെന്ന്

വിചാരിക്കുന്നവരും വിശ്വാ സികളല്ല. അപ്രകാരം നബിﷺ സത്യസന്ധനല്ലെന്നും മറിച്ച് കള്ളപ്രവാചകനായ മുസൈലിമയാണ് സത്യസന്ധനെന്ന വിചാരവും നിഷേധത്തിലേക്കെ ത്തിക്കുന്നു. സൂര്യചന്ദ്രനക്ഷത്രാദികളെ ആരാധിക്കു ന്നതും ഈ ഗണത്തിൽ തന്നെയാണ്.

ذَلِكَ بِأَنَّ اللَّهَ هُوَ الْحَقُّ وَأَنَّ مَا يَدْعُونَ مِن دُونِهِ هُوَ الْبَاطِلُ وَأَنَّ اللَّهَ هُوَ الْعَلِيُّ لْكَبِيرُ (الحج٦٢)

''അതെന്തു കൊണ്ടെന്നാൽ അല്ലാഹുവാണ് സത്യ മായിട്ടുള്ളവൻ. അവനു പുറമെ അവർ ഏതൊ ന്നിനെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അതു തന്നെ യാണ് നിരർത്ഥകമായിട്ടുള്ളത്. അല്ലാഹു തന്നെയാ ണ് ഉന്നതനും മഹാനുമായിട്ടുള്ളവൻ.'' (ഹജ്ജ് 62)

وَإِلَهُكُمْ إِلَهٌ وَاحِدٌ لا إِلَهَ إِلا هُوَ الرَّحْمَنُ الرَّحِيمُ (بقرة ١٦٣)

''നിങ്ങളുടെ ദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമ കാരുണികനും കരുണാനിധിയുമത്രെ'' ( അൽബഖറ 163)

إِيَّاكَ نَعْبُدُ وإِيَّاكَ نَسْتَعِينُ (الفاتحة ٥ )

''നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു.'' (ഫാത്വിഹ 5 )

وَقَضَى رَبُّكَ أَلاَّ تَعْبُدُواْ إِلاَّ إِيَّاه(الإسراء٢٣)

''തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെറ രക്ഷിതാവ് വിധിച്ചിരിക്കുന്നു.'' (ഇസ്റാഅ് 23)

فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ (غافر١٤)

''അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്ക മാക്കി കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടകരമായാലും ശരി.'' (മുഅ്മിൻ 14)

وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ (

زمر٦٥)

''തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹു വിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ച യായും നിന്റെ കർമ്മംനിഷ്ഫലമായി പ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും.'' (സുമർ 65)

ഇതെ ആശയം ധ്വനിപ്പിക്കുന്ന ധാരാളം സൂക്തങ്ങൾ കാണാം. മലക്ക് ജിന്ന്, നബി, മരം പോലെയുള്ളവ യോട് പ്രാർത്ഥിക്കൽ അനുവദനീയമാണെന്നൊരാൾ വിശ്വസിച്ചാൽ സത്യനിഷേധിയായി. നാവു കൊണ്ടു ച്ചരിച്ചാൽ വാക്കിലും വിശ്വാസത്തിലും ഒരുമി ച്ച് നിഷേധിയായിമാറുന്നു. അപ്രകാരം പ്രവർത്തിക്കുക യും സഹായം തേടുകയും

---

ചെയ്താൽ വാക്കിലും പ്രവർത്തിയിലും വിശ്വാസത്തിലും നിഷേധിയായി. എന്റെ യജമാനരേ! സഹായം! സഹായം! എന്റെ രോഗിയെ സുഖപ്പെടുത്തണേ! നഷ്ടപ്പെട്ടവസ്തുക്കൾ തിരിച്ച് നൽകേണമേ! എന്റെ ഹൃദയം നന്നാക്കേണ മേ! ഞാൻ നിന്റെസമീപത്തുണ്ട് എന്ന രീതിയിലുള്ള ഖബറാളികളോടുള്ള പ്രാർത്ഥനയും സഹായം തേടലും ധാരാളം പ്രദേശങ്ങളിൽ കാണപ്പെടുന്നു. അല്ലാഹുവിന്റെ ഔലിയാ ക്കളാണെന്ന് പറഞ്ഞ് മരിച്ച് പോയ മഹാത്മാക്കളോട് മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള കാര്യങ്ങൾ ചോദിക്കുന്നവർ അല്ലാഹു വിനെ മറക്കുകയും അവന്റെ അവകാശങ്ങളിൽ മറ്റുള്ളവരെ പങ്ക്ചേർക്കുകയും ചെയ്യുന്നു. ഇവയെല്ലാം വാക്കിലും പ്രവർത്തിയിലും വിശ്വാസ ത്തിലുമുള്ള സത്യനിഷേധമാണെന്നതിൽ തർക്കമറ്റ സംഗതിയാകുന്നു.

പ്രവാചകന്റെ ഖബറിന്നടുത്ത് നിന്ന് രോഗശമനത്തി നും മറ്റും ചിലർ പ്രവാചകനോട് പ്രാർത്ഥിക്കുന്ന തായി കാണാം. വേറെ ചിലർ വിദൂരസ്ഥലങ്ങളിൽ നിന്നാണ് നബി (ﷺ) യോട് ഇങ്ങനെ പ്രാർത്ഥിക്കു ന്നത്. പ്രവാചക തിരുമേനിക്ക് അദൃശ്യമറിയില്ല. അദൃശ്യമറിയുന്നവൻ അല്ലാഹു മാത്രമാകുന്നു. അതിനാൽ നബിﷺ യോടുള്ള പ്രാർത്ഥനയും ബഹുദൈവാരാധനയാകുന്നു. ധാരാളം രാജ്യക്കാർ ഇപ്രകാരം ദൈവേതരരോട് പ്രാർത്ഥിക്കുന്നു. സഊദിഅറേബ്യയിലെ റിയാദ് ദിർഇയ്യ പ്രദേശങ്ങളി ൽ മുഹമ്മദ്ബ്നു അബ്ദിൽ വഹ്ഹാബിന്റെ പ്രബോധന പ്രവർത്തനങ്ങൾക്ക് മുമ്പ് ഇപ്രകാരം മരത്തിനോടും കല്ലിനോടും ഖബറാളികളോടും പ്രാർത്ഥിച്ചിരുന്നു. ചില മനുഷ്യർ ക്ക് ദിവ്യത്വം കൽപിച്ച് അല്ലാഹുവിന്റെ കൂടെ അവരേയും ആരാധിച്ചിരുന്നു.

കള്ളപ്രവാചകനായ മുസൈലിമയുമായുണ്ടാ യ യുദ്ധത്തിൽ കൊല്ലപ്പെട്ട സൈദുബ്നുൽ ഖത്താബിന്റെ ഖബർ ജുബൈല[2]യിലുണ്ടായിരുന്നു. ഈ ഖബറിനെ ആളുകൾ ആരാധിക്കാൻ തുടങ്ങിയ പ്പോൾ ശൈഖ് മുഹമ്മദ്നു അബ്ദിൽവഹ്ഹാബ് ഇത് തട്ടി നിരപ്പാക്കി. മഹാനവർകൾക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകട്ടെ!

പന്ത്രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തിൽ ശൈഖ് മുഹമ്മദ്ബ്നു അബദിൽ വഹ്ഹാബിന്റെ ആഗമനത്തിന് മുമ്പ് നജ്ദിലും ഹിജാസിലും കടുത്ത ബഹു ദൈവാരാധനയും അബദ്ധ ജടിലങ്ങളായ വിശ്വാസവും നിലനിന്നിരുന്നു. നേരായ പാതയിലേ ക്കുള്ള അദ്ധേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് അജ്ഞരും തന്നിഷ്ടക്കാരുമായ പണ്ഡിതൻമാരിൽ നിന്ന് ശക്തമായ എതിർപ്പും ശത്രുതയും നേരി ടേണ്ടി വന്നു. എന്നാൽ നന്മയുടെ ധ്വജവാഹകരാ യ പണ്ഡിതൻമാരെക്കൊണ്ട് അല്ലാഹു അദ്ധേഹത്തെ ശക്തിപ്പെടുത്തി. ജനങ്ങളെ ഏകദൈവ വിശ്വാസ ത്തിലേക്ക് ക്ഷണിക്കുകയും അവർക്ക് സൽപാന്ഥാ വ് കാണിച്ചുകൊടുക്കുകയും ചെയ്തു. ജിന്ന്, കല്ല്, മഹാൻമാർ ഔലിയാക്കൾ എന്നിവരെ ആരാധിക്കു ന്നത് അജ്ഞാന കാലത്തെ ബഹുദൈവാരാധന യാണെന്നും ഇത് അജ്ഞാന കാലത്തെ ഖുറൈശീ സത്യനിഷേധികളായ അബൂജഹ്ലിനെ പോലെയു ള്ളവർ ലാത്ത, ഉസ്സ, മനാത്ത എന്നീദൈവങ്ങളെ ആരാധിച്ചിരുന്നതിന് സമമാണെന്നും അദ്ധേഹം സലക്ഷ്യം സമർത്ഥിച്ചു.

---

[2] ജുബൈല: റിയാദിനടുത്തുള്ളഒരു സ്ഥലം

അല്ലാഹു ഉദ്ധേശിച്ചവരെയെല്ലാം അദ്ധേഹം നിമിത്തം അവൻ നേർവഴിയിലാക്കി. പിന്നീട് നജ്ദിന്റെ എല്ലാ പ്രവിശ്യകളിലും പ്രബോധനം വ്യാപകമാക്കി. അങ്ങനെ അല്ലാഹുവിന്റെ ഏകത്വവും കലർപ്പില്ലാത്ത വിശ്വാസവും പ്രചരിച്ചു. ജനങ്ങളിൽ നല്ലൊരു വിഭാഗം ബഹുദൈവാരാധന വെടിഞ്ഞു. എന്നാൽ സങ്കടകരമെന്ന് പറയട്ടെ ബുദ്ധിസ്ഥിര തയില്ലാത്ത ഭ്രാന്തൻമാരെ ആരാധിക്കു കയും അവർ അല്ലാഹുവിന്റെ ഔലിയാക്കളാണെന്ന് വാദിക്കുകയും ചെയ്തതാണ് അവരിലൊരു വിഭാഗം അകപ്പെട്ട ഭീമാബദ്ധം.

### സന്ദേഹം മുഖേനയുള്ള നിഷേധം

വാക്കിലും പ്രവർത്തിയിലും വിശ്വാസത്തിലുമുള്ള ദൈവനിഷേധം നാം വിവരിച്ചു. എന്നാൽ സംശയ ത്തിലെസത്യനിഷേധംകൊണ്ടുദ്ധേശിക്കുന്നത് ഒരാ ൾ 'അല്ലാഹു യാഥാർത്ഥ്യമാണോ എന്നെനിക്ക റിയില്ല ഞാൻ സംശയാലുവാണ്' സ്വർഗം ,നരകം, പുനരുത്ഥാനം ഇവ യാഥാർത്ഥ്യ മാണോ എനിക്ക് ദൃഢവിശ്വാസമില്ല; ഞാൻ സംശയാലുവാണ്' എ ന്നൊക്കെ പറയലാണ്. ഇത്തരക്കാർ പശ്ചാതപിക്കാ ത്തപക്ഷം മതനിഷേധിയാകുന്നതാണ്. കാരണം മത ത്തെകുറിച്ച് പ്രമാണങ്ങളിൽ നിന്നും ഇജ്മാഅ് മുഖേനയും മനസ്സിലാക്കൽ അവന്റെ ബാധ്യത യാകുന്നു.

അല്ലാഹുവിന്റേയുംപ്രവാചകന്റേയും കാര്യ ത്തിൽ സംശയിക്കുകയും മുസൈലിമയും അസ്‌വ ദുൽ അനസിയും കള്ളപ്രവാചകൻമാരാണെ ന്നതിൽ സംശയിക്കുകയും ചെയ്യുന്നതും മത നിഷേധമാകുന്നു. പശ്ചാതപിക്കാത്തപക്ഷം അവരു ടെ കാര്യവും തഥൈവ.

നമസ്കാരം, സകാത്ത് , നോമ്പ് , ഹജ്ജ് എന്നീ നിർബന്ധകർമ്മങ്ങളിലും അവ നിർബന്ധ മാണോ എന്നസംശയവും ദൈവനിഷേധം തന്നെ. ഈ പറയപ്പെട്ടവരെല്ലാം മതപരിത്യാഗി എന്ന പരിധി യിൽ പെടുന്നു.

## ഭാഗം രണ്ട്: സത്യനിഷേധിയാകാത്തതും എന്നാൽ വിശ്വാസം ചുരുക്കുകയും ദുർബലമാക്കുകയും ചെയ്യുന്നവ

ഇസ്‌ലാമിനെ ദുർബലപ്പെടുത്തുന്ന മതനിഷേ ധിയായി ത്തീരുന്ന കാര്യങ്ങൾ ഒന്നാം ഭാഗത്തിൽ നാം വിവരിച്ചു. ഇനി നരകത്തിന് കാരണമാകുകയും അല്ലാഹുവിന്റെ കോപത്തിന് വിധേയമാകുകയും ചെയ്യുന്ന കാര്യങ്ങളാണ് നാം വിവരിക്കുന്നത് ഉദാ: വ്യഭിചാരം: വിശ്വാസിക്ക് വ്യഭിചാരം നിഷിദ്ധമാണ്. വ്യഭിചരിച്ച ഒരാൾ സത്യനിഷേധിയാകുന്നില്ല. മറിച്ച് തെറ്റ് ചെയ്തവനായി ഗണിക്കപ്പെടും. അയാളുടെ വിശ്വാസം പൂർണമല്ല. ഈ തിന്മ മുഖേന വിശ്വാ സത്തിന് പുഴുക്കുത്തേൽക്കുന്നു. ഏഷണി, പരദൂഷ ണം, പലിശ ഭുജിക്കൽ മാതാപിതാക്കളെ ധിക്കരി ക്കൽ ഇവയും അപ്രകാരം തന്നെ. എന്നാൽ ഒരാൾ കളവും വ്യഭിചാരവുമെല്ലാം അനുവദനീയമാ ണെന്ന് വിചാരിക്കുന്നുവെങ്കിൽ നിസ്സംശയം കാഫിറായി. ഖബറാളികളോട് പ്രാർത്ഥന, നേർച്ച, സഹായം തേടൽ എന്നീ ഉദ്ധേശ്യങ്ങളില്ലാതെ

ഖബറിന്നടുത്ത് കെട്ടിടം പള്ളി, താഴികക്കുടം എന്നിവയു ണ്ടാക്കു ന്നതും സത്യനിഷേധമാകുന്നില്ല. എന്നാൽ ഇത് കടുത്ത അനാചാരവും ശിർക്കിലേക്ക് എത്തി ച്ചേരുന്നതുമാകുന്നു.

റബീഉൽഅവ്വൽ 12 ന് നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കുന്നതും അനാചാരവും നബി യോ അനുചരൻമാരോ ഖുലഫാഉറാശിദീങ്ങളോ മൂന്ന് നൂറ്റാണ്ട് വരേയുള്ള മുസ്‌ലിങ്ങൾക്കോ പരിചയമില്ലാത്തതുമായ നൂതനാചാരവുമാകുന്നു. അബദുൽ ഖാദിർ ജീലാനിയുടെ ജന്മദിനമായാലും വെറുക്കപ്പെട്ട അനാചാരവും വിശ്വാസത്തിന് ദൗർബല്ല്യമുണ്ടാക്കുന്നതും പ്രമാണങ്ങളിലില്ലാത്ത തു മാകുന്നു.

وَشَرُّ الأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ ضَلاَلَةٌ (صحيح مسلم – جمعة ٤٣)

'കാര്യങ്ങളിൽചീത്തയായത് നൂതനാചാരമാണെന്നും എല്ലാ നൂതനാചാരവും വഴികേടാണെന്നും' നബി (ﷺ) അരുളി. മറ്റൊരു റിപ്പോർട്ടിൽ ഇങ്ങനെയും കാണാം.

عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ -صلى الله عليه وسلم- « مَنْ أَحْدَثَ فِى أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ – أبودوود-٤٦٠٦ --

'നമ്മടെ ഈ (മത) കാര്യത്തിലില്ലാത്തത് ആർ പുതുതായി ഉണ്ടാക്കിയോ അത് തള്ളപ്പെടേണ്ടതാണ്'

عن عَائِشَةُرضي الله عنها أَنَّ رَسُولَ اللَّهِ -صلى الله عل(يه وسلم- قَالَ « مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ (صحيح مسلم في الأقضية- ١٨)

ആയിശ رضي الله عنها യിൽ നിന്ന് നിവേദനം: നബി (ﷺ) പറഞ്ഞു ''നമ്മുടെ ഈ മതത്തിലില്ലാത്ത കർമ്മം ആർ ചെയ്തുവോ അത് തള്ളപ്പെടേണ്ട താണ്.''

وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ (أبوداود٤٦٠٧)

'നിങ്ങൾ നൂതനാചാരങ്ങൾ സൂക്ഷിക്കുക. നിശ്ചയം എല്ലാ പുതിയതും നൂതനാചാരമാകുന്നു. എല്ലാ നൂതനാചാരങ്ങളും വഴികേടുമാകുന്നു.'

നൂതനാചാരങ്ങൾ മുഖേന മതത്തിൽ നിന്ന് പുറത്ത് പോകുന്നില്ലെങ്കിലും അവ മതത്തിന് അപമാനം വരുത്തുന്നവയാകുന്നു.

നബിദിനാഘോഷത്തിൽ നബിയോട് സഹായം തേടലും പ്രാർത്ഥിക്കലും നബിക്ക് അദൃശ്യമറിയുമെ ന്ന വിശ്വാസവും ശിർക്കാകുന്നു. അലി, ഹസൻ, ഹുസൈൻ എന്നിവർക്ക് അദൃശ്യമറിയുമെന്ന ശിയാ വിശ്വാസവും തങ്ങളുടെ പന്ത്രണ്ട് ഇമാമു കൾക്ക് അദൃശ്യമറിയുമെന്ന റാഫിദിക (ശിയാക്കളി ലെ ഒരു വിഭാഗം)ളുടെ വിശ്വാസവും സത്യനിഷേധ വും വഴികേടുമാകുന്നു. കാരണം അദൃശ്യത്തെക്കു റിച്ച് ഖുർആൻ പറയുന്നു:

قُل لاَّ يَعْلَمُ مَن فِى السماوات والأرض الغيب إِلاَّ الله (النمل ٦٥)

---

(നബിയേ,) പറയുക; ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരാരും അദൃശ്യ കാര്യം അറിയുകയില്ല; (അന്നംല് 65)
പ്രവാചകചരിതം പാരായണം ചെയ്യാനോ ത്യാഗങ്ങ ളോ യുദ്ധ സംബന്ധമായ കാര്യങ്ങൾ വിശദീകരിക്ക ലോ ലക്ഷ്യംവെച്ച് ഒരുമിച്ച് കൂടുന്നതും സദ്യയൊരുക്കുന്നതും അനാചാരത്തിന്റെ പട്ടികയിൽപെടുന്നു.

സഫർമാസത്തിലെ യാത്ര ദുഃശ്ശകുനമായി കാണുന്ന ചില വിവരദോഷികളുണ്ട്. സഫർ എന്ന ഒരു ജീവി വയറിന് ദോഷമുണ്ടാക്കും എന്ന വിശ്വാ സമാണ് ഇതിനാധാരം. ഈ വിശ്വാസം വ്യക്തമായ മാർഗഭ്രംശമാകുന്നു നബി (ﷺ) പറഞ്ഞു:

لاَ عَدْوَى وَلاَ طِيَرَةَ (صحيح البخارى-- ٥٧٠٧)

'രോഗപ്പകർച്ചയോ പക്ഷിശകുനമോ ഇല്ല.' ഇത്തരം വിശ്വാസം ഞാറ്റുവേലകളിലും പൊട്ടി ച്ചൂട്ടുകളിലും അജ്ഞാന കാലത്തുള്ളവർ വിശ്വസിച്ചതിന് തുല്ല്യമാണ്. മറ്റൊരു റിപ്പോർട്ടിൽ സഫർ എന്ന പദം തന്നെ കാണാം

لاَ عَدْوَى وَلاَ صَفَرَ وَلاَ غُولَ (صحيح مسلم)

'രോഗപ്പകർച്ചയോ പൊട്ടിച്ചൂട്ടോ സഫർ മാസത്തി ലെ ദുശ്ശകുനമോ ഇല്ല.' (മുസ്ലിം)
എന്നാൽ ചില രോഗികളുമായുള്ള സഹവാസം രോഗം പകരാൻ കാരണമാകുകയില്ലേ? എന്ന് ചിലർ നബിയോട് ചോദിച്ചു. ആരോഗ്യമുള്ള ഒട്ടകം ചൊറിച്ചിലുള്ള ഒട്ടകവുമായി ഇടപഴകുമ്പോൾ രോഗപ്പകർച്ച സംഭവിക്കുന്നു എന്നും അവർ പറഞ്ഞു നബി(ﷺ)യുടെ മറുപടി ശ്രദ്ധിക്കൂ

قَالَ النَّبِىُّ – صلى الله عليه وسلم – « لاَ يُورِدَنَّ مُمْرِضٌ عَلَى مُصِحٍّ »

'രോഗമുള്ളഒട്ടകത്തെ ആരോഗ്യമുള്ളതിന്റടുത്ത് കൊണ്ടുവരരുത്' (ബുഖാരി: 5771)അതായത് രോഗമു ള്ളത് ഒരു ഭാഗത്തും മറ്റുള്ളവ മറ്റൊരു ഭാഗത്തും നിൽക്കട്ടെ എന്നർത്ഥം. രോഗം പകരുന്നതിൽ സൂക്ഷ്മത പുലർത്താനും പരമാവധി അവയിൽ നിന്ന് വിട്ടുനിൽക്കാനുമുള്ള ഒരു നിർദ്ദേശം മാ ത്രമാകുന്നു ഇതുകൊണ്ടുദ്ദേശിക്കുന്നത്. രോഗിയാ യ ഒട്ടകം ആരോഗ്യമുള്ളതിലേക്ക് പ്രവേശിക്കുമ്പോഴേക്കും രോഗം പകരുമെന്ന അറബികളുടെ വിശ്വാസത്തിന് പ്രമാണങ്ങളുടെ പിൻബലമില്ല. അല്ലാഹുപറയുന്നു:

قُلْ لَنْ يُصِيبَنَا إِلَّا مَا كَتَبَ اللَّهُ لَنَا

പറയുക: ''അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയത ല്ലാതെ ഞങ്ങൾക്കൊരിക്കലും ബാധിക്കുകയില്ല.'' (തൗബ 51)
കൂടിക്കലരൽ രോഗപ്പകർച്ചക്ക് കാരണമാകാം. കൂടിക്കലർച്ച ഇല്ലാതേയും രോഗം പകരാം. കാര്യ ങ്ങളുടെ നിയന്ത്രണം അല്ലാഹുവിന്റ്റ അടുക്ക ലാണെന്ന് സാരം. ഏത് കാര്യത്തിലും പരമാവധി സൂഷ്മത പുലർത്താൻ വിശ്വാസി ബാധ്യസ്ഥ

നാകുന്നു എന്ന് പ്രവാചകൻ (ﷺ)നിർദ്ദേശിക്കുന്നു. ഇതേ ആശയം തന്നെയാണ് കുഷ്ഠരോഗവുമായി ബന്ധപ്പെട്ട ഹദീസു കൊണ്ടും ഉദ്ധേശിക്കുന്നത്

فِرَّ مِنْ الْمَجْذُومِ فِرَارَكَ مِنْ الْأَسَدِ (أحمد بن حنبل—٩٧٢٢)

'കുഷ്ഠരോഗം ബാധിച്ചവനിൽ നിന്ന് സിംഹത്തിൽ നിന്ന് ഓടി രക്ഷപ്പെടും വിധം നീ ഓടി രക്ഷ പ്പെടുക' അഹ്മദ് : 9722)

അജ്ഞാന കാലത്തെ അറബികൾ വിശ്വസിച്ചിരുന്ന പക്ഷിശകുനവും രോഗപ്പകർച്ചയും മയ്യിത്തിന്റെ ആത്മാവ് പക്ഷിയുടെ രൂപത്തിൽ ഖബറിന് ചുറ്റും വട്ടമിട്ട് പറക്കുന്നുവെന്ന വിശ്വാസവുമെല്ലാം അടിസ്ഥാനരഹിതവും നിരർത്ഥകവുമാണ്. കാക്ക, കറുത്തകഴുത എന്നിവയെ ചില സമയങ്ങളിൽ കണ്ടാൽ യാത്രമുടക്കുകയും അപശകുനമായി അവർ കാണുകയും ചെയ്തിരുന്നു.

إِنَّمَا طَائِرُهُمْ عِنْدَ اللَّه

''അല്ല, അവരുടെ ശകുനം അല്ലാഹുവിന്റെ പക്കൽ തന്നെയാകുന്നു '' (അഅ്റാഫ് 131)

ഉപകാരവും ഉപദ്രവവും നൽകുന്നതും തടയു ന്നതുമെല്ലാം അല്ലാഹുവായിരിക്കെ ഈ വിശ്വാസ ത്തിന് പ്രസക്തിയില്ല. എങ്കിലും പക്ഷിശകുന ത്തിൽ അവർ വിശ്വസിച്ചിരുന്നുവെന്ന് താഴെ കൊടുത്ത ഹദീസിൽ നിന്ന് ഗ്രഹിക്കാം

عَنْ أَبِي هُرَيْرَةَ - رضى الله عنه - قَالَ قَالَ النَّبِيُّ - صلى الله عليه وسلم - « لاَ طِيَرَةَ ، (صحيح البخارى - ٥٧٥٣)

അബൂഹുറൈറ (റ)യിൽ നിന്ന് നിവേദനം നബി (ﷺ) അരുളി : 'പക്ഷിശകുനമില്ല.'

അതിനാൽ യാത്ര പുറപ്പെട്ട് വഴിയിൽ വെച്ച് ചില പക്ഷികളേയോ, ജീവികളേയോ, മനുഷ്യരേ യോ കാണുമ്പോൾ ശകുനപ്പിഴ പറഞ്ഞ് യാത്ര മു ടക്കുന്നത് വിശ്വാസിക്ക് പാടില്ല. മറിച്ച് ദൈവത്തി ൽ ഭരമേൽപിച്ച് മുന്നോട്ട് പോകേണ്ടതാണ്. പക്ഷി ശകുനത്തിന്റെ പേരിൽ ഒരാൾ മടങ്ങുന്നു വെങ്കിൽ അവൻ ചെറിയ ശിർക്ക് ചെയ്തു. ഇത് പോലുള്ള മറ്റു അനാചാരങ്ങളിൽ നിന്നും വിശ്വാസി പൂർണമായി വിട്ടു നിൽക്കേണ്ടതാകുന്നു.

ജന്മദിനാഘോഷം ഖബർ കെട്ടിപ്പൊക്കൽ അതിന്റെ മീതെ പള്ളിയുണ്ടാക്കൽ റജബ് മാസ ത്തിലെ ***റഗാഇബ് നമസ്കാരം***[3], ഇസ്റാഅ് മിഅ്റാജ് രാത്രിയിലെ ഒരുമിച്ച് കൂടൽ, റജബ് 27 ന് ഒരുമിച്ച് ചേരൽ, ശഅ്ബാൻ പതിനഞ്ചിന്

---

[3] റജബിലെ ഒന്നാമത്തെ വ്യാഴാഴ്ച പലരും നിർവ്വ ഹിക്കു ന്നതായി കാണുന്ന നബി(ﷺ)യോ മുൻഗാ മികളോ പഠിപ്പിക്കാത്ത ഒരു നമസ്കാരമാണ് ഇത്. ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യ പറയുന്നു: 'തൽ സംബന്ധമായ എല്ലാ ഹദീസുകളും നിർമിതമാകു ന്നു' (മജ്മൂഅ് ഫതാവ 1/149)

നോമ്പനുഷ്ഠിക്കുകയും പ്രത്യേകമായി സദ്യ ഒരുക്കലും പുണ്യ കർമങ്ങൾ ചെയ്യലും അന്ന് രാത്രി മാത്രം നിദ്രാവിഹീനരായി പ്രത്യേക കർമങ്ങൾ ചെയ്യലും ഇത് മുഖേന ദൈവസാമീപ്യം കരസ്ഥമാക്കാമെന്ന വിചാരവും പുത്തനാചാരവും മതത്തിന്റെ പിൻബലമില്ലാത്തതുമാകുന്നു.

മൊത്തത്തിൽ പറഞ്ഞാൽ നബി (ﷺ) യുടെ പ്രവൃത്തിയോ അംഗീകാരമോ കൽപനയോ ഇല്ലാ ത്ത എല്ലാ മതകർമങ്ങളും ബിദ്അത്താകുന്നു. അനാചാരത്തിൽ നിന്ന് സമൂഹത്തെ താക്കീത് ചെയ്തു കൊണ്ടും സുന്നത്തിന്റെ അനിവാര്യത ബോധ്യപ്പെടുത്തിക്കൊണ്ടും പ്രവാചകതിരുമേനി ജുമുഅഃ ഖുതുബകളിലും മറ്റും പറഞ്ഞ വചന ങ്ങൾ നോക്കൂ

عَنْ عَائِشَةَ قَالَتْ قَالَ رَسُولُ اللَّهِ -صلى الله عليه وسلم- « مَنْ أَحْدَثَ فِى أَمْرِنَا هَذَا مَا لَيْسَ مِنْهُ فَهُوَ رَدٌّ (بخاري٢٦٩٧)

'നമ്മുടെ ഈ (മത) കാര്യത്തിലില്ലാത്തത് ആർ പുതുതായി ഉണ്ടാക്കിയോ അത് തള്ളപ്പെടേണ്ടതാണ്'

عَائِشَةُ أَنَّ رَسُولَ اللَّهِ -صلى الله عليه وسلم- قَالَ « مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ - صحيح مسلم -

ആയിശ رضي الله عنها യിൽ നിന്ന് നിവേദനം: 'നമ്മുടെ ഈ മതത്തിലില്ലാത്ത കർമ്മം ആർ ചെയ്തുവോ അത് തള്ളപ്പെടേണ്ടതാണ്.'

وَشَرَّ الأُمُورِ مُحْدَثَاتُهَا وَكُلُّ بِدْعَةٍ ضَلاَلَةٌ ( صحيح مسلم - )

'കാര്യങ്ങളിൽ ചീത്തയായത് നൂതനാചാരമാണെന്നും എല്ലാനൂതനാചാരവും വഴികേടാണെന്നും' നബി (ﷺ) അരുളി.

നബി (ﷺ) കൊണ്ടു വന്ന മതത്തിൽ കൂട്ടുവാ നോ കുറക്കുവാനോ മുസ്‌ലിമിന് പാടില്ല. മുസ്‌ലിം സമൂഹത്തിന്റെ ഇഹപരനന്മക്ക് മതിയായ എല്ലാ കാര്യവും അവിടുന്ന് പഠിപ്പി ച്ചു. അത് മുറുകെ പിടിച്ച് നേരെ ചൊവ്വെ നില കൊള്ളാനാണ് നാം ശ്രമിക്കേണ്ടത്.

الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا

''ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തി രിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു.'' (മാഇദ: 3)

عليكم بسنتي وسنة الخلفاء الراشدين من بعدي تمسكوا بها وعضوا عليها بالنواجذ

(أبودود – ٤٦٠٧)

---

എനിക്ക് ശേഷം എന്റേയും സച്ചരിതരായ എന്റെ പിൻഗാമികളുടേയും ചര്യ മുറുകെ പിടി ക്കുകയും അണപ്പല്ല് കൊണ്ട് അവയെ ചേർത്ത് പിടിക്കുകയും ചെയ്യുക. (അബൂദാവൂദ് 4607)

മുകളിലുദ്ധരിച്ച ആയത്തിൽ നിന്നും നബി വചനത്തിൽ നിന്നും മതം പൂർത്തിയായി എന്ന് നല്ല പോലെ വ്യക്തമായി. മനുഷ്യരുടെ കൈ കടത്തലുകൾക്കോ കൂട്ടിച്ചേർക്കലിനോ ഇനി സ്ഥാനമില്ല.

അല്ലാഹു നിശ്ചയിച്ച പാതയിലൂടെ സഞ്ചരി ക്കുകയും അതിനെ പുൽകി ദൈവിക നിയമ പരിധിക്കുള്ളിൽ നിലകൊള്ളുകയും പുത്തനാചാര ങ്ങൾ വെടിയുകയും ചെയ്യുക. പ്രവാചക തിരുമേനിക്ക് ശേഷം മതനിയമങ്ങൾ നിർമിക്കുന്ന തിനെ വിമർശിച്ചു കൊണ്ടുള്ള ഖുർആനിന്റെ പ്രസ്താവന കാണുക

أَمْ لَهُمْ شُرَكَاء شَرَعُوا لَهُم مِّنَ الدِّينِ مَا لَمْ يَأْذَن بِهِ اللَّهُ (الشورى٢١)

''അതല്ല അല്ലാഹു അനുവദിച്ചിട്ടില്ലാത്ത കാര്യം മതമായി അവർക്ക് നിശ്ചയിച്ചു കൊടുത്ത വല്ല പങ്കാളികളും അവർക്കുണ്ടോ'' (ശൂറ 21)

എല്ലാ നല്ല കാര്യത്തിലും അല്ലാഹു നമ്മേ ഒരുമിച്ച് കൂട്ടുകയും മുസ്ലിംകളുടെ അവസ്ഥ നന്നാക്കി മതത്തിൽ അവഗാഹം നേടാനുള്ള ഉതവി നൽകുകയും വ്യതിയാനത്തിന്റേയും മാർഗ ഭ്രംശത്തിന്റേയും മാർഗത്തിൽ നിന്ന് അവരെ അകറ്റുകയും ചെയ്യട്ടെ. നമ്മുടെ പ്രവാചകനിലും കുടുംബത്തിലും അനുചരൻമാരിലും അല്ലാഹു വിന്റെ കരുണയും രക്ഷയും വർഷിക്കുമാറാകട്ടെ! (ആമീൻ).

# نبذة مختصرة عن حياة الشيخ/ محمدبن عبد الوهاب رحمه الله

## ശൈഖ് മുഹമ്മദ്ബ്നു  അബ്ദിൽ വഹ്ഹാബ്

റിയാദ് പട്ടണത്തിന്റെ വടക്ക് പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ഉയൈയ്നയിൽ ഹിജ്റ 1115 ( ക്രിസ്താബ്ദം 1709 ) ൽ ജനിച്ചു.

സ്ഥലത്തെ ഖാദിയും പ്രസിദ്ധ പണ്ഡിതനു മായിരുന്ന പിതാവ് അബ്ദുൽവഹ്ഹാബ്ബ്നു സു ലൈമാന്റെ സംരക്ഷണത്തിൽ വളർന്നു. പിതൃ വ്യ നും പണ്ഡിതനുമായ ഇബ്റാഹീമുബ്നു സു ലൈ മാന്റെ ശിഷ്യത്വം സ്വീകരിച്ചു. പത്ത് വയ സ്സി ന് മുമ്പ് ഖുർആൻ ഹൃദിസ്ഥമാക്കി. പഠനത്തി ൽ സ്ഥിരോത്സാഹിയായിരുന്നു. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ, ഹദീസ് , ഹമ്പലി കർമ്മ ശാസ്ത്രം , ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യയു ടേ യും ശിഷ്യൻ ശൈഖ് ഇബ്നുൽഖയ്യിമിന്റേയും ഗ്രന്ഥങ്ങൾ എന്നിവയെല്ലാം പാരായണം ചെയ്തു. ഈ രണ്ട് മഹാൻമാരുടെ ഗ്രന്ഥങ്ങൾ അദ്ധേഹത്തി ന്റെ വൈജ്ഞാനിക വ്യക്തിത്വം രൂപപ്പെടുത്തുന്ന തിലും വിശ്വാസം ശരിപ്പെടുത്തുന്നതിലും അളവറ്റ സ്വാധീനം ചെലുത്തി. അസാമാന്യ ബുദ്ധിയും അപാ രമായ ഗ്രാഹ്യശക്തിയും കൊണ്ട് അനുഗ്രഹീത നാ യിരുന്നു സ്മര്യപുരുഷൻ.

അറിവന്വേഷിച്ച് ദേശാടനം നടത്തിക്കൊണ്ടി രുന്നു. മദീനയിലെ പണ്ഡിതൻമാരായിരുന്ന ഇ ബ്റാഹീമുബ്നു സൈഫുന്നജ്ദി, മുഹമ്മദ് ഹയാ ത്തുസ്സിൻദി എന്നിവരുടെ ശിഷ്യനായി. പിന്നീ ട് ബസറയിലേക്ക് നീങ്ങി. ഹദീസും കർമ്മ ശാസ്ത്രവും ഭാഷയും അവിടുത്തെ പണ്ഡിതൻ മാരിൽ നിന്നും പഠിച്ചു. പ്രസിദ്ധ ഗ്രന്ഥമായ **അത്തൗഹീദ്** അവിടെ വെച്ചാണ് രചിച്ചത്. ബസറയിലെ ലൈബ്രറികളിലെ നിറഞ്ഞ ഹദീസ് ഗ്രന്ഥങ്ങളിൽനിന്നാണ് ഗ്രന്ഥരചനക്കാവശ്യമായ ഹദീസ് ശേഖരിച്ചത്. അവിടുത്തെ ഉസ്താദുമാരി ൽ പ്രധാനിയാകുന്നു ശൈഖ് മുഹമ്മദ് അൽ മജ്മൂഹി. ഇതിനിടയിലും അല്ലാഹുവിന്റെ മാർഗത്തി ലേക്ക് സദുപദേശം കൊണ്ടും യുക്തി ദീക്ഷയോടെ യുമുള്ള പ്രബോധനവും നന്മ കൽപിക്കലും തിന്മ വിരോധിക്കലും തുടർന്നു കൊണ്ടിരുന്നു.

പിന്നീട് **സുബൈർ, അൽഅഹ്സാഅ്** എന്നീ സ്ഥലങ്ങളിലൂടെ തൗഹീദി സന്ദേശം പ്രചരിപ്പിച്ച് നജ്ദിലേക്ക് മടങ്ങി. ശേഷം **ഹുറൈമില** യിലേക്ക് നീങ്ങി തദ്ദേശീയരിൽ പലരും ശൈഖിന്റെ പ്രബോധ ന പ്രവർത്തനങ്ങളെ അംഗീകരിച്ചു. ഹിജ്റ 1139 മുത ൽ ഹമദ്ബ്നു അബ്ദില്ലാഹ് ബ്നു മഅ്മർ തന്റെ പിതാവിന്റെ പിൻഗാമിയായി ഉയൈയ്നയിലെ ഭര ണാധികാരം ഏറ്റെടുത്തത് മുതൽ പിതാവ് ഖാദി സ്ഥാനത്ത് നിന്നും ഒഴിവായി. എന്നാൽ പിതാ വിന്റെ മരണം വരെ കഥാപുരുഷൻ അദ്ദേഹത്തിൽ നിന്ന് അറിവ് പഠിച്ചു കൊണ്ടിരുന്നു.

പ്രബോധനം കൂടുതൽ പരസ്യപ്പെടുത്തുകയും നന്മ കൽപിക്കുന്നതിലും തിന്മവിരോധിക്കുന്നതിലും കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും ചെയ്തു. ബഹു ദൈവാരാധനയേയും നൂതനാചാരങ്ങളേയും രൂക്ഷ മായി വിമർശിച്ചു. സാധാരണക്കാരേയും പ്ര ധാ നി കളേയും ഉപദേശിച്ചു. നബി (ﷺ)യുടെ

---

സുന്നത്തിനെ പുനരുജ്ജീവിപ്പിച്ചു. ഈ വാർത്ത അയൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു. ഭൂരി ഭാഗവും ശത്രുത വെച്ചു. പലരും പിണ ങ്ങി യെങ്കിലും ദൃഢനിശ്ചയത്തോടെ ശൈഖ് തന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയി ഭോഷന്മാരുടെ ശത്രുത രൂക്ഷമായതിനാൽ. വീണ്ടും അദ്ദേഹം ഉയൈയ്ന യിലേക്ക് നീങ്ങി. ഉസ്മാനു ബ്നുഹമദ് ബ്നുമുഅമ്മറായിരുന്നു അവിടുത്തെ ഭരണാധികാരി. അദ്ദേഹം മുഹമ്മദ്ബ്നുഅബ്ദിൽ വഹ്ഹാബിനെ ആദരിക്കുക യും അബ്ദുല്ലാഹി ബ്നുമുഅ്മമ റിന്റെ മകളും ഉസ്മാനുബ്നു ഹമദ്ബ്നു മുഅമ്മറിന്റെ അമ്മായിയുമായ മഹതി ജൗഹറയെ വിവാഹം ചെയ്തു കൊടു ക്കുകയും ചെയ്തു. അമീർ ഉസ്മാന്റെ മുമ്പിൽ ശൈഖ് തന്റെ ആദർശം സമർപ്പിച്ചു. അദ്ദേഹം അത് സ്വീകരിക്കുകയും എല്ലാവിധ സഹായ ങ്ങളും നൽകുകയും ഭരണീയരോട് ഈ ആദർശം സ്വീകരിക്കാനാവശ്യപ്പെടുകയും ചെയ്തു. അങ്ങിനെ ശിർക്കിൽ നിന്നും ബിദ്അത്തിൽ നിന്നും ആ പ്രദേശങ്ങൾ വിമലീകരിക്കപ്പെട്ടു. സത്യത്തിന്റെ വചനങ്ങൾ ഉയരുകയും സുന്നത്ത് ജീവിപ്പിക്ക പ്പെടുകയും ചെയ്തു. വിവരം കാട്ടുതീ പോലെ പരന്നു. ശിർക്കിനെ താലോലിക്കുന്ന അസത്യത്തി ന്റെ പണ്ഡിതൻമാരും ഭരണാധികാരികളും മറ്റും അദ്ദേഹത്തിനെതിരിൽ തിരിഞ്ഞു. ഇതിനിടയിൽ **<u>അൽഅഹ്സ</u>**യിലെ ഭരണാധികാരി ഉസ്മാനു ബ്നു ഹമദ്ബ്നു മുഅമ്മറിനെ ഭീഷണിപ്പെടുത്തുകയും ശൈഖിനെ വധിക്കുകയോ നാടു കടത്തുകയോ ചെയ്യണമെന്നാവശ്യപ്പെടുകയും ചെയ്തു. അവസാ നം ഉസ്മാനു ബ്നുഹമദ് ബ്നു മുഅ മ്മർ മേൽ ഭീഷണിക്ക് വഴങ്ങി. അങ്ങി നെ ശൈഖ് ഉയയ്ന വിടാൻ നിർബന്ധിതനായി. ഹിജ്റ: 1158 ൽ ശൈഖ് ഉയൈയ്നയിൽ നിന്ന് ദിർഇയ്യയിലേക്ക് നീങ്ങി. തന്റെ ചില ശിഷ്യരുടെ ആഥിത്യം സ്വീകരിച്ചു. വിവരമറിഞ്ഞ ദിർഇയ്യയി ലെ ഭരണാധികാരി മുഹമ്മദ്ബ്നു സുഊദ് തന്റെ അനുചരൻമാരുടേ യുംപത്നിയുടേയും നിർദ്ദേശ പ്രകാരം ശൈഖിനെ ആദരിക്കുകയും ഹൃദ്യമായ സ്വീകരണം നൽകുക യും ചെയ്തു. തന്റെ ആദർശം **<u>മുഹമ്മദ്ബ്നു സുഊദി</u>**ന്റെ (ഇദ്ദേഹമായിരുന്നു ഒന്നാം സഊദി ഭരണ കൂടത്തിന്റെ സ്ഥാപകൻ) മുമ്പിൽ സമർപ്പിച്ചു. പൂർണമനസ്സോടെ അദ്ദേഹം ഈ ആദർശം സ്വീകരിക്കുകയും പരസ്പരം ഈ ദീനിനെ സഹായിക്കാമെന്നും ദൈവമാർഗത്തിൽ ജിഹാദ് ചെയ്യാമെന്നും കരാർ ചെയ്യുകയും ചെയ് തു. അങ്ങിനെ കുറെ പ്രദേശങ്ങൾ ഈ ആദർശ ത്തിന് കീഴ്പെട്ടു. ഹിജ്റ: 1206 ശവ്വാൽ മാസത്തി ൽ തന്റെ 92ാമത്തെവയസ്സിൽ ശൈഖ് ദിവംഗതനാ കുന്നത് വരെ പ്രബോധന പ്രവർത്തനം തുടർന്നു കൊണ്ടിരുന്നു. കല്ലിനേയും മരത്തേയും ബിംബ ങ്ങളേയും ആരാധിച്ചിരുന്ന ഒരു ജനതയെ കറ കള ഞ്ഞ വിശ്വാസികളായി മാറ്റിയതിൽ മഹാനവർളുടെ ത്യാഗം വിവരണതാതീതമാണ്. അങ്ങിനെ അഞ്ച് പതിറ്റാണ്ട് കാലത്തെ തന്റെ പ്രബോധന പ്രവർ ത്തനത്തിന്റെ വിജയവും വ്യാപനവും കൺ കുളി ർക്കെ കണ്ട് കണ്ണടക്കാൻ ആ മഹാനുഭാവന് അല്ലാഹു ഭാഗ്യം നൽകി. അദ്ദേഹത്തിന്റെ പ്ര ബോധന പ്രവർത്തനങ്ങളാണ് ഏകദൈവ വിശ്വാ സത്തിലധിഷ്ഠിതമായ സഊദി ഭരണകൂടം സ്ഥാ പിക്കാനും യഥാർത്ഥ ഇസ്ലാമിനെ മററ് പ്രദേശങ്ങളിലേക്ക് കൂടി പ്രചരിപ്പിക്കാനും സഹായ കമായത്. അല്ലാഹു അദ്ദേഹത്തെയും നമ്മേയും അവന്റെ സ്വർഗത്തിൽ ഒരുമിച്ച് ചേർക്കട്ടെ.

അവലംബം:

---

١)محمدبن عبد الوهاب مصلح مظلوم ومفترى عليه ، الأستاذ/ مسعود الندوي

2)من أعلام المجددين الشيخ/صالحبن فوزان بن عبد الله الفوزان

## താളുകളിൽ


| | | |
|---|---|---|
| 1 | വിവർത്തകക്കുറിപ്പ് | 3 |
| 2 | വിശ്വാസ വൈകല്യങ്ങളും രക്ഷയുടെ മാർഗങ്ങളും | 4 |
| 3 | വായനക്ക് മുമ്പ് | 4 |
| 4 | ഗ്രന്ഥകർത്താവ് | 10 |
| 5 | മുഖവുര | 12 |
| 6 | വിശ്വാസ ദൗർബല്ല്യങ്ങൾ രണ്ട്വിധം : | 2٢ |
| 7 | ഭാഗം ഒന്ന്: സത്യനിഷേധത്തിന് കാരണമാകുന്ന വിശ്വാസ വൈകല്യങ്ങൾ | 22 |
| 8 | വാക്ക് മുഖേനയുള്ള സത്യനിഷേധം | 2٣ |
| 9 | പ്രവൃത്തി മുഖേനയുള്ള സത്യനിഷേധം | 2٤ |
| 10 | വിശ്വാസത്തിലുള്ള മത പരിത്യാഗം | 2٦ |
| 11 | സന്ദേഹം മുഖേനയുള്ള നിഷേധം | 3٢ |
| 12 | ഭാഗം രണ്ട്: സത്യനിഷേധിയാകാത്തതും എന്നാൽ വിശ്വാസം ചുരുക്കുകയും ദുർബലമാക്കുകയും ചെയ്യുന്നവ | 3٣ |
| 13 | ശൈഖ് മുഹമ്മദ്ബ്നു അബ്ദിൽ വഹ്ഹാബ് | ٤٥ |


وصلى الله على نبينا محمد وآله وصحبه أجمعين

